# Desabhimani

# 27 August 2018

# Vadakara, Thiruvananthapuram, After Flood, Flood Relief Fund



രാധ പശുക്കിടാവിനെ ആർ ബാലറാമിന് കൈമാറുന്നു

## ‘ഈ പശുക്കിടാവേ ഉള്ളൂ എനിക്ക് തരാൻ'

**പ്രാരബ്ധങ്ങൾ ഒരുപാടുണ്ടായിട്ടും ഓമനിച്ചു വളർത്തിയ പശുക്കിടാവിനെയാണ് രാധ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് നൽകിയത്**

**വടകര**

‘ഇപ്പോൾ ഈ വീട്ടിൽ വിലപിടിപ്പുള്ള ഒരു പശുക്കിടാവിനെയേ എനിക്ക് തരാൻ കഴിയൂ. ഒരു വലിയ കാര്യത്തിനുവേണ്ടി എനിക്ക് ചെയ്യാനാവുന്നത് ചെയ്യുന്നു എന്നു മാത്രം. ഇത് വലിയ ത്യാഗമൊന്നുമല്ലെന്നും എനിക്കറിയാം' പ്രാരബ്ധങ്ങൾ ഒരു പാടുണ്ടായിട്ടും ഓമനിച്ചുവളർത്തിയ രണ്ടര വയസ്സുള്ള പശുക്കിടാവിനെ ഏൽപ്പിക്കുമ്പോൾ കീഴൽ സ്വദേശി കേളോത്ത് രാധ പറഞ്ഞു.

കുടുംബത്തിന്റെ വരുമാനമാർഗം കൂടിയായ തന്റെ പശുക്കിടാവിനെയാണ് പ്രളയക്കെടുതിയിൽ ജീവിതം വഴിമുട്ടിയവർക്ക് തുണയാകാൻ രാധ നൽകിയത്. ആയഞ്ചേരിയിലും പരിസരപ്രദേശങ്ങളിലും കമ്യൂണിസ്റ്റ് പാർടി കെട്ടിപ്പടുക്കുന്നതിൽ മുൻനിരയിൽ പ്രവർത്തിച്ച സിപിഐ എം വടകര ഏരിയാ കമ്മിറ്റി അംഗമായിരുന്ന സി കണ്ണന്റെ ഭാര്യയാണ് രാധ. അവർക്ക് മക്കളില്ല. ശാരീരിക വൈകല്യം നേരിടുന്ന സഹോദരന്റെയും രോഗദുരിതങ്ങളിൽ വലയുന്ന സഹോദരിയുടെയും കുടുംബത്തോടൊപ്പമാണ് അറുപത്തിയെട്ടുകാരിയായ രാധ ഭർത്താവിന്റെ വിയോഗത്തെ തുടർന്ന് കഴിയുന്നത്. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് സിപിഐ എം പ്രവർത്തകർ ഫണ്ട് ശേഖരിക്കുന്ന വിവരമറിഞ്ഞാണ് നാടിന് മാതൃകയായ തീരുമാനം അവർ എടുത്തത്. ‘പ്രളയത്തിന്റെ ദുരിത വാർത്തകൾ അറിഞ്ഞശേഷം ദിവസങ്ങളായി മനസ്സിന് വല്ലാത്ത ആധിയാണ് പശുവിന്റെ കയർത്തുമ്പ് കൈമാറവെ രാധ പറഞ്ഞു. സിപിഐ എം കീഴൽ തൊഴിലാളി മുക്ക് ബ്രാഞ്ചിന് നൽകിയ പശുവിനെ ഞായറാഴ്ച രാവിലെ സിപിഐ എം ഏരിയാ കമ്മിറ്റി അംഗം ആർ ബാലറാം വീട്ടിലെത്തി ഏറ്റുവാങ്ങി. പിന്നീട് പശുവിനെ പരസ്യ ലേലത്തിന് വച്ച ശേഷം 17,500 രൂപ ലഭിച്ചു. ഒ പി ബാബു അധ്യക്ഷനായി. ലോക്കൽ സെക്രട്ടറി സി എം ഷാജി, കോൺഗ്രസ് നേതാവ് ടി ടി മോഹനൻ, റിഷാദ്, കണ്ടിയിൽ ശശി എന്നിവർ സംസാരിച്ചു.

## സഹായഹസ്തവുമായി തമിഴ്നാട് ജീവനക്കാരും

**തിരുവനന്തപുരം**

പ്രളയംമൂലം ദുരിതമനുഭവിക്കുന്നവരെ സഹായിക്കാനായി തമിഴ്നാട്ടിലെ സർക്കാർ ജീവനക്കാരും രംഗത്തിറങ്ങി. തമിഴ്നാട്ടിലെ സർക്കാർ ജീവനക്കാരുടെ സംഘടനയായ തമിഴ്നാട് ഗവ. എംപ്ലോയീസ് അസോസിയേഷനാ(ടിഎൻജിഇഎ)ണ് സഹായഹസ്തവുമായി കേരളത്തിലെത്തിയത്. 4000 കിലോഗ്രാം അരി, അവശ്യമരുന്നുകൾ, കുട്ടികൾക്കുള്ള ഉടുപ്പുകൾ, ബെഡ്ഷീറ്റുകൾ, സാരികൾ, ജാക്കറ്റുകൾ എന്നിവയാണ് സംഘം എത്തിച്ചത്.

ചെന്നൈ വെള്ളപ്പൊക്കം നടന്നപ്പോൾ കേരളത്തിലെ സർക്കാർ ജീവനക്കാർ നൽകിയ സഹായം തങ്ങൾ എക്കാലവും നന്ദിയോടെയാണ് സ്മരിക്കുന്നതെന്ന് ടിഎൻജിഇഎ സംസ്ഥാന സെക്രട്ടറി സി ആർ രാജ്കുമാർ പറഞ്ഞു. കേരളത്തിലെ ജീവനക്കാരുടെ ഈ പ്രവർത്തനമാണ് തങ്ങൾക്ക് പ്രചോദനമായതെന്നും അദ്ദേഹം പറഞ്ഞു. തമിഴ്നാട്ടിലെ എല്ലാ ജീവനക്കാരും ഈമാസത്തെ ശമ്പളത്തിൽനിന്ന് ഒരുദിവസത്തെ വേതനം കേരള മുഖ്യമന്ത്രിയുടെ ദുരിതാശ്വാസഫണ്ടിലേക്ക് നൽകാനും തീരുമാനിച്ചിട്ടുണ്ട്. 200 കോടി രൂപവരും ഈ തുക. ഇതിനുപുറമെ സംസ്ഥാന ജീവനക്കാരുടെ അഖിലേന്ത്യാ ഫെഡറേഷൻ സമാഹരിക്കുന്ന ദുരിതാശ്വാസഫണ്ടുമായും തമിഴ്നാട് ജീവനക്കാർ സഹകരിക്കുമെന്നും അദ്ദേഹം പറഞ്ഞു. നേരത്തെ അവശ്യവസ്തുക്കൾ നൽകിയ ഇടുക്കി ജില്ലയിലേക്ക് മൂന്നാമത്തെ ലോഡ് അവശ്യവസ്തുക്കൾ അടുത്തദിവസം നേരിട്ട് എത്തിക്കുമെന്നും അദ്ദേഹം പറഞ്ഞു.

എഫ്എസ്ഇടിഒ സംസ്ഥാന നേതാക്കൾക്കൊപ്പം തിരുവനന്തപുരം നിശാഗന്ധി ഓഡിറ്റോറിയത്തിലെ കലക്ഷൻ സെന്ററിലെത്തിയ സംഘത്തെ ഹരിത വി കുമാറിന്റെ നേതൃത്വത്തിൽ മധുരം നൽകി സ്വീകരിച്ചു. ഹർഷാരവത്തോടെ സംഘത്തെ എതിരേറ്റ കലക്ഷൻ സെന്ററിലെ വളന്റിയർമാർ തമിഴ്ഗാനം ആലപിച്ചാണ് സംഘത്തെ യാത്രയാക്കിയത്.